പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T3463      18.2.2013-ൽ മറുപടിക്ക്

## ഇ-വേസ്റ്റ് നിർമ്മാർജ്ജനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) | |
| എ) | ഇ-വേസ്റ്റ് നിർമ്മാർജ്ജനകാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | എ) | കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത (ഇ-വേസ്റ്റ് ചട്ടങ്ങൾ) 2012 മേയ് മാസം മുതൽ സംസ്ഥാനത്ത് പ്രാബല്യത്തിലായിട്ടുണ്ട്. ഈ നിയമം ഫലപ്രദമായി സംസ്ഥാനത്ത് നടപ്പാക്കുന്നതു വഴി ഇ-വേസ്റ്റ് അലക്ഷ്യമായി കൈകാര്യം ചെയ്യുന്നത് ഒഴിവാക്കാൻ ഒരുപരിധിവരെ സാധിക്കും. ഇ-വേസ്റ്റ് ചട്ടങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ചു വരുന്നു. ഇ-ഉൽപ്പന്നങ്ങളുടെ ഉൽപ്പാദകരും, ഇ-വേസ്റ്റ് പുനചംക്രമണം ചെയ്യുന്നവരും, പൊളിച്ചു മാറ്റുന്നവരും (dismantle), കളക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നവരും ആതറൈസേഷൻ എടുക്കണമെന്നും, ഇ-വേസ്റ്റ് ഡിസ്മാന്റലേഴ്സും, റീസൈക്ലേഴ്സും രജിസ്ട്രേഷൻ കരസ്ഥമാക്കണമെന്നും ഇ-ഉൽപന്നങ്ങളുടെ ഉപഭോക്താക്കൾ (ബൾക്ക് കൺസ്യൂമേഴ്സ്) ഇ-മാലിന്യം അംഗീകൃത കളക്ഷൻ സെന്ററുകൾ, രജിസ്റ്റേർഡ് ഡിസ്മാന്റലർ/റിസൈക്ലർ എന്നിവരിലേക്കോ ഇ-ഉൽപാദകരുടെ ടേക്ക്-ബാക്ക് സംവിധാനത്തിലേക്കോ മാത്രം കൈമാറേണ്ടതാണെന്നും, ഇതു സംബന്ധിക്കുന്ന വിവരങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡിനു നൽകേണ്ടതാണെന്നും 9.11.2012ൽ പത്രങ്ങളിലൂടെ പരസ്യം ചെയ്ത്

പൊതുജനശ്രദ്ധ ഇതിലേക്ക് ക്ഷണിച്ചിരുന്നു.

ഇ-വേസ്റ്റ് പൊളിച്ചു മാറ്റുകയോ (dismantle), റീ-സൈക്കിൾ ചെയ്യുകയോ ചെയ്യുന്ന സ്ഥാപനങ്ങളെക്കൊണ്ട് അനുമതികൾ എടുപ്പിക്കുന്നതിനും നിർമ്മാർജ്ജന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.
ഉൽപാദനഘട്ടത്തിൽ ഉണ്ടാകുന്ന ഇ-വേസ്റ്റും, 'എക്സ്റ്റൻഡഡ് പ്രൊഡ്യുസർ റെസ്പോൺസിബിലിറ്റി' പ്രകാരം ഉപഭോക്താക്കളിൽ നിന്നും ശേഖരിക്കുന്ന ഉപയോഗശൂന്യമായ ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഉപകരണങ്ങളും നേരിട്ടോ അംഗീകൃത കളക്ഷൻ സെന്ററുകൾ വഴിയോ സുരക്ഷിതമായി പുനചംക്രമണ സ്ഥാപനങ്ങളിൽ എത്തിക്കുന്ന ഉത്തരവാദിത്തം ഉൽപ്പാദകർക്കാണ്. ബ്രാൻഡഡ് ഉൽപ്പന്നങ്ങളുടെ ശാസ്ത്രീയമായ നിർമ്മാർജ്ജനത്തിനായി അംഗീകൃത ഏജൻസിക്ക് എത്തിക്കുക, ബ്രാൻഡഡ് അല്ലാത്ത ഇ-വേസ്റ്റ് നഗരഖരമാലിന്യത്തിൽ കലരാതെ വഴിതിരിച്ചു വിടുക, അംഗീകൃത കളക്ഷൻ സെന്ററിലേക്കോ റീസൈക്ലറുകൾക്കോ എത്തിച്ചുകൊടുക്കുക എന്നീ ചുമതലകൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഇതിനായി കളക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. ഇലക്ട്രോണിക്സ്/ഇലക്ട്രിക്കൽ ഉപകരണങ്ങളും അനുബന്ധ ഉപകരണങ്ങളും ഉൽപാദിപ്പിക്കുന്നവർ മുഖേനതന്നെ അതിലൂടെ ഉണ്ടാകുന്ന ഇ-വേസ്റ്റ് നിർമ്മാർജനം ചെയ്യിക്കുന്നതിനായി ഇ-വേസ്റ്റ് ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാനത്ത് ഇത്തരം വൻകിട ഉൽപാദകർ നിലവിലില്ലെങ്കിലും റീട്ടെയിലർ ഷോപ്പുകൾ വഴി ഇ-വേസ്റ്റ് സുരക്ഷിതമായി നിർമ്മാർജനം ചെയ്യുമെന്ന് ഉറപ്പാക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ ഇ-വേസ്റ്റ്

സംസ്കരണ പ്ലാന്റുകൾ ഇല്ല. എർത്ത് സയൻസ് റീസൈക്കിൾ പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ ഒരു സ്ഥാപനം പാലക്കാട് ജില്ലയിൽ ഇ-മാലിന്യം ശേഖരിച്ച് അന്യസംസ്ഥാനത്തുള്ള അംഗീകൃത സെന്ററുകൾ വഴി നിർമ്മാർജ്ജനം ചെയ്തു വരുന്നു. കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് എന്ന സ്ഥാപനം ഇ-വേസ്റ്റ് കളക്ഷൻ സെന്റർ എറണാകുളം ജില്ലയിൽ സ്ഥാപിക്കുന്നതിനായി നടപടി കൈക്കൊണ്ടു വരുന്നു.

| | | | |
|---|---|---|---|
| ബി) | ഇ-വേസ്റ്റിന്റെ വർദ്ധനവ് കണക്കിലെടുത്ത് അതിന്റെ നിർമ്മാർജ്ജനം, റീസൈക്ലിംഗ് എന്നിവയ്ക്ക് മുൻകുട്ടി നടപടികൾ സ്വീകരിക്കുമോ ? | ബി) | സംസ്ഥാനത്ത് നിലവിൽ ഇ-വേസ്റ്റ് സംസ്കരണ പ്ലാന്റുകൾ ഇല്ല. എർത്ത് സയൻസ് റീസൈക്കിൾ പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ ഒരു സ്ഥാപനം പാലക്കാട് ജില്ലയിൽ ഇ-മാലിന്യം ശേഖരിച്ച് അന്യസംസ്ഥാനത്തുള്ള അംഗീകൃത സെന്ററുകൾ വഴി നിർമ്മാർജ്ജനം ചെയ്തു വരുന്നു. കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് എന്ന സ്ഥാപനം ഇ-വേസ്റ്റ് കളക്ഷൻ സെന്റർ എറണാകുളം ജില്ലയിൽ സ്ഥാപിക്കുന്നതിനായി നടപടി കൈക്കൊണ്ടു വരുന്നു. ഇ-വേസ്റ്റ് ശേഖരണ സംവിധാനവും കളക്ഷൻ സെന്ററുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ക്കൊണ്ട് ഏർപ്പെടുത്തിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ